**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1815 10.03.2020 -ൽ മറുപടിക്ക്**

**ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് പദ്ധതി**

**ചോദ്യം**

**ശ്രീ.കെ.വി.വിജയദാസ്**

**മറുപടി**

**കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| | എല്ലാ ജില്ലാ ആശുപത്രികളിലും കാത്ത് ലാബ് എന്ന പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;വിശദവിവരം നൽകുമോ? | | ജില്ലാ /ജനറൽ ആശുപത്രികളിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൻെറ ' ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ ആശുപത്രി കൊല്ലം ,ജനറൽ ആശുപത്രി പത്തനംതിട്ട/മഞ്ചേരി എന്നിവിടങ്ങളിൽ കാത്ത് ലാബിൻെറ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു കൂടാതെ ജില്ലാ ആശുപത്രി ,കാഞ്ഞങ്ങാട്, ജനറൽ ആശുപത്രി , തൃശ്ശൂർ, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ കാത്ത് ലാബ് സൗകര്യം ഒരുക്കുന്നതിനുള്ള പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്.<br>ജനറൽ ആശുപത്രി ആലപ്പുഴ, ജില്ലാ ആശുപത്രി കണ്ണൂർ എന്നിവിടങ്ങളിൽ കാത്ത് ലാബിൻെറ നിർമ്മാണം പുരോഗമിച്ചുവരുന്നു.<br><br>പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ( 2016-17 സാമ്പത്തിക വർഷത്തിൽ ) കോഴിക്കോട് ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് നിർമ്മിക്കുന്നതിൻെറ സിവിൽ വർക്ക്സ് പുരോഗമിക്കുന്നു.<br><br>2017-2018 സാമ്പത്തിക വർഷത്തിൽ കാത്ത് ലാബിനും ഐ.സിയു സ്ഥാപിക്ക |

| | | | |
|---|---|---|---|
| | | | ന്നതിനുമായി 1200 ലക്ഷം രൂപ അനുവദിക്കുകയും ആയത് യഥാക്രമം ജില്ലാ ആശുപത്രി മാനന്തവാടി (ഐ. സി.യു നിർമ്മാണത്തിന്) ,താലൂക്ക് ആശുപത്രി അടിമാലി എന്നിവിടങ്ങളിൽ നൽകുകയും ആയതിന്റെ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ